# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസം - എൽ.പി.എസ്.എ/യു.പി.എസ്.എ അദ്ധ്യാപക തസ്തികയിലേയ്ക്ക് പരീക്ഷാഭവൻ നടത്തിയിരുന്ന അറബിക് സംസ്കൃത ഉറുദു യോഗ്യത പരീക്ഷകൾ-നിർത്തലാക്കിയത്-റദ്ദുചെയ്യുന്നത്-സംബന്ധിച്ച്.

---

**പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (എം.എസ്) നം. 216/11/പൊ.വി.വ തീയതി, തിരുവനന്തപുരം, 28/10/2011**

---

സൂചന:- 1) സ.ഉ (എം.എസ്) നം.125/10/പൊ.വി.വ തീയതി 16/7/2010.
2) പരീക്ഷാകമ്മിഷണറുടെ 29/7/11 ലെ ഇ.എക്സ്.എച്ച് (3) 51527/11/സി.ജി.ഇ/നമ്പർ കത്ത്.
3) കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ 27/5/11 ലെ നിവേദനം.

## ഉത്തരവ്

കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXI ചട്ടം 4 (2), (3), 3(2) ൽ പ്രതിപാദിച്ചിട്ടുള്ള എൽ.പി/യു.പി അറബിക്, സംസ്കൃത, ഉറുദു ഭാഷാദ്ധ്യാപക യോഗ്യതകൾക്കായി പരീക്ഷ കമ്മീഷണർ നടത്തുന്ന എല്ലാ യോഗ്യത പരീക്ഷകളും 2011-12 അദ്ധ്യായന വർഷം നിർത്തലാക്കി സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) മുൻ വർഷങ്ങളിൽ പ്രസ്തുത പരീക്ഷ എഴുതി പരാജയപ്പെട്ടവർക്ക് ടി പരീക്ഷ എഴുതുന്നതിന് രണ്ട് അവസരങ്ങൾ കൂടി നൽകണമെന്ന് പരീക്ഷാകമ്മീഷണർ സൂചന (2) ലെ കത്തു പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ടി പരീക്ഷ നിർത്തലാക്കിയത്മൂലം ധാരാളം പഠിതാക്കളുടെ അവസരം നിഷേധിക്കപ്പെട്ടിട്ടുണ്ടെന്നും അതുകൊണ്ട് പ്രസ്തുത പരീക്ഷാ പുന:സ്ഥാപിക്കണമെന്നുള്ള ആവശ്യം ഭാഷാധ്യാപക സംഘടനകളിൽനിന്നും ലഭിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.പി/യു.പി, അറബിക്, ഉറുദു, സംസ്കൃതം ഭാഷാധ്യാപക യോഗ്യതകൾക്കായി പരീക്ഷാ കമ്മീഷണർ നടത്തിയിരുന്ന യോഗ്യതാ പരീക്ഷ നിർത്തലാക്കിയ സൂചന (1) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ട് ടി പരീക്ഷ തുടർന്ന് നടത്തുന്നതിനും ടി പരീക്ഷയുടെ സിലബസ് ഭാഷാപരമായ ശേഷികൾ നേടുന്നതിന് പര്യാപ്തമാക്കുന്ന രീതിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് എസ്.സി.ഇ.ആർ.റ്റി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ആർ. മധുസൂധനൻ നായർ**
**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പരീക്ഷാഭവൻ തിരുവനന്തപുരം
ഡയറക്ടർ, എസ്.സി..ഇ.ആർ.ടി., തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
[illegible]യറക്ടർമാർക്കും
ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ധനകാര്യ വകുപ്പ്
} പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (ആവശ്യമായ മാദ്ധ്യമ പ്രചരണത്തിനായി)
സ്റ്റോക്ക് ഫയൽ
ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ